**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2919** **25-06-2024 - ൽ മറുപടിയ്ക്ക്**

**പാലോട് റെയ്ഞ്ചിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയ്ഞ്ചിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയുടെ ഭാഗമായി ജണ്ടകൾ നിർമ്മിച്ചതിലെ ക്രമക്കേടുകളുടെ അന്വേഷണം വനം വിജിലൻസ് പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട് .കോട്ടയം ഐ.& ഇ. വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ 06.06.2022-ൽ വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് . റിപ്പോർട്ട് പരിശോധിച്ചതിൽ പാലോട് റെയിഞ്ചിൽ നിർമ്മിച്ച ജണ്ടകളിൽ ചിലതിൽ നിർമ്മാണത്തിൽ അപാകതകൾ ഉള്ളതായി കണ്ടിരുന്നു. വിജിലൻസ് വിഭാഗം ജണ്ട പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയത് സാമ്പിൾ പരിശോധനയിലൂടെയായതിനാൽ വിജിലൻസ് വിഭാഗം കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനായി വിശദമായ പരിശോധന നടത്തി അപാകതകളുള്ള ജണ്ടകളിൽ മഹസ്സർ തയ്യാറാക്കി പ്രശ്നമില്ലാത്തവ, അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കാൻ പറ്റുന്നവ, പുനർനിർമ്മിക്കേണ്ടവ, കണ്ടെത്താൻ സാധിക്കാത്തവ എന്നീ നാല് വിഭാഗങ്ങളിലായി തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കി സർക്കാർ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയതു തിട്ടപ്പെടുത്തി, ഉത്തരവാദികളായ ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവരുടെ പേര് വിവരം സഹിതം, മഹസ്സറും വിശദമായ റിപ്പോർട്ടും തയ്യാറാക്കി സമർപ്പിക്കുന്നതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സതേൺ സർക്കിൾ കൊല്ലത്തിന് 15.03.2023-ലെ വി.എസ്.റ്റി.2109/2021 നമ്പർ കത്ത് മുഖേന കൈമാറിയിട്ടുണ്ട്. വിശദമായ പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് അവലോകന യോഗം വിജിലൻസ് & ഫോറസ്റ്റ് ഇൻറലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 12.09.2023, 15.12.2023 എന്നീ തീയതികളിൽ നടത്തിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ പെരിങ്ങമ്മല സെക്ഷനിലെ ജണ്ട നിർമ്മാണത്തിലെ അഴിമതി ആരോപിച്ച് പെരിങ്ങമ്മല സെക്ഷനിലെ വാച്ചർമാർ ബഹു. വനം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 19.09.2022-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജണ്ട നിർമ്മാണത്തിലെ വീഴ്ചകൾക്ക് ഉത്തരവാദികളാണെന്ന് കണ്ടെത്തിയ പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ബി.അജിത്കുമാർ, പെരിങ്ങമ്മല സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.ആർ.ബി.അരുൺകുമാർ, എന്നിവർക്കെതിരെ 22.03.2023 തീയതിയായി കഠിനശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വനം വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചുവെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; | (ബി) | ഉണ്ട് .കോട്ടയം ഐ.& ഇ. വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ 06.06.2022-ൽ വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് . റിപ്പോർട്ട് പരിശോധിച്ചതിൽ പാലോട് റെയിഞ്ചിൽ നിർമ്മിച്ച ജണ്ടകളിൽ ചിലതിൽ നിർമ്മാണത്തിൽ അപാകതകൾ ഉള്ളതായി കണ്ടിരുന്നു. വിജിലൻസ് വിഭാഗം ജണ്ട പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയത് സാമ്പിൾ പരിശോധനയിലൂടെയായതിനാൽ വിജിലൻസ് വിഭാഗം കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനായി വിശദമായ പരിശോധന നടത്തി അപാകതകളുള്ള ജണ്ടകളിൽ മഹസ്സർ തയ്യാറാക്കി പ്രശ്നമില്ലാത്തവ, അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കാൻ പറ്റുന്നവ, പുനർനിർമ്മിക്കേണ്ടവ, കണ്ടെത്താൻ സാധിക്കാത്തവ എന്നീ നാല് വിഭാഗങ്ങളിലായി തിരിച്ചു അവയുടെ എണ്ണം വ്യക്തമാക്കി സർക്കാർ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയതു തിട്ടപ്പെടുത്തി, ഉത്തരവാദികളായ ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവരുടെ പേര് വിവരം സഹിതം, മഹസ്സറും വിശദമായ റിപ്പോർട്ടും തയ്യാറാക്കി സമർപ്പിക്കുന്നതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സതേൺ സർക്കിൾ കൊല്ലത്തിന് 15.03.2023-ലെ വി.എസ്.റ്റി.2109/2021 നമ്പർ കത്ത് മുഖേന കൈമാറിയിട്ടുണ്ട്. വിശദമായ പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് അവലോകന യോഗം വിജിലൻസ് & |

| | | | |
|---|---|---|---|
| | | | ഫോറസ്റ്റ് ഇൻറലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 12.09.2023, 15.12.2023 എന്നീ തീയതികളിൽ നടത്തിയിട്ടുള്ളതുമാണ്.<br><br>തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ പെരിങ്ങമ്മല സെക്ഷനിലെ ജണ്ട നിർമ്മാണത്തിലെ അഴിമതി ആരോപിച്ച് പെരിങ്ങമ്മല സെക്ഷനിലെ വാച്ചർമാർ ബഹു. വനം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 19.09.2022-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജണ്ട നിർമ്മാണത്തിലെ വീഴ്ചകൾക്ക് ഉത്തരവാദികളാണെന്ന് കണ്ടെത്തിയ പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ബി.അജിത്കുമാർ, പെരിങ്ങമ്മല സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.ആർ.ബി.അരുൺകുമാർ, എന്നിവർക്കെതിരെ 22.03.2023 തീയതിയായി കഠിനശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കാൻ കൊല്ലം ചീഫ് കൺസർവേറ്റർ 24.07.2023 തീയതിയിൽ സമർപ്പിച്ച ക്യൂ.സി5 - 1624/2022 വനം നമ്പർ കത്ത് വകുപ്പ് ആസ്ഥാനത്തിൽ ലഭിച്ചിരുന്നോ; ലഭിച്ചുവെങ്കിൽ എന്ന് ലഭിച്ചുവെന്നും ടി കത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളും വെളിപ്പെടുത്താമോ? | (സി) | ഉണ്ട് . മേൽ കത്ത് 24.07.2023 തീയതിയിൽ വനം വകുപ്പാസ്ഥാനത്തെ ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത കത്തിലെ പരാമർശ വിഷയങ്ങൾ വനം വകുപ്പാസ്ഥാനത്തെ വിവിധ വിഭാഗങ്ങളുമായി ബന്ധപ്പെട്ടതായതിനാൽ ആയത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ